പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3307 — 22/08/2017-ൽ മറുപടിക്ക്

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഐ.ടി. പാർക്ക്

ചോദ്യം

ശ്രീ.പി.ഉണ്ണി

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | നഗരങ്ങൾക്കൊപ്പം ഗ്രാമങ്ങളെയും പഞ്ചായത്തുകളേയും സ്മാർട്ടാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | എ) | നഗരങ്ങൾക്കൊപ്പം ഗ്രാമങ്ങളേയും പഞ്ചായത്തുകളേയും സ്മാർട്ടാക്കുന്നതിനായുള്ള നടപടികൾ സർക്കാരിന്റെ ഐ.ടി. പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>വിവര സാങ്കേതിക വിദ്യ നയരൂപരേഖ അനുസരിച്ച് നഗരങ്ങൾക്കൊപ്പം ഗ്രാമങ്ങളേയും, പഞ്ചായത്തുകളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസനമാണ് സ്മാർട്ട് ഗ്രാമങ്ങൾ/പഞ്ചായത്തുകൾ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | വിവര സാങ്കേതിക രംഗത്തെ തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; | (ബി) | വിവര സാങ്കേതിക രംഗത്ത് തൊഴിലവസരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിരവധി പദ്ധതികൾ ഐ.ടി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഐ.ടി പാർക്കുകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കൂടുതൽ ഐ.ടി. പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇതിന്റെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിൽ ഒരു ഐ.ടി. പാർക്ക് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**